കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 21, ചൊവ്വ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2000 മാർച്ച് മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്കു അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ....., ഓർഡർ ..... ചോദ്യം നമ്പർ 481

ചൈനീസ് സഹകരണത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

1 (*481) ശ്രീ. എ. കെ. മണി :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈനീസ് സഹകരണത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് ചൈനയുടെ സാങ്കേതിക സഹകരണം മാത്രമാണോ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ നിർമ്മാണത്തിന് ചൈനയിൽ നിന്നും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ചെറുകിട പദ്ധതിക്കാവശ്യമായ യന്ത്ര സാമഗ്രികൾ ചൈനയിൽ നിന്നും വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് കരാർ ഉണ്ടാക്കിയിട്ടുണ്ടോ ;

(ഡി) ഈ പദ്ധതികൾക്ക് ചൈനീസ് ഗവൺമെന്റും സംസ്ഥാന വൈദ്യുതി ബോർഡും നേരിട്ടാണോ ധാരണാപത്രം ഒപ്പുവച്ചതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ഇടപാടിൽ ഏതെങ്കിലും ഘട്ടത്തിൽ ഇടനിലയ്ക്ക് ഒരു ഏജൻസി ഉണ്ടായിരുന്നോ ; എങ്കിൽ ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) മൊത്തം എത്രകോടി രൂപയാണ് ഈ പദ്ധതിക്ക് ഉദ്ദേശിക്കുന്നത് ; ഓരോ ഘട്ടത്തിനും ഉദ്ദേശിക്കുന്ന ചെലവ് സംബന്ധിച്ച വിശദാംശം നൽകാമോ ;

(ജി) ഈ പദ്ധതി പ്രകാരം ഒരു മെഗാവാട്ട് വൈദ്യുതിക്കുള്ള മുടക്കുമുതൽ എത്രയായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(എച്ച്) വൻകിട പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ മുടക്കുമുതൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) ചൈനീസ് സഹകരണത്തോടെ ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ചൈനയിലെ എച്ച്.ഐ.സി./ഐ.. എൻ.എസ്.എച്ച്.പി. എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹകരണവും, യന്ത്രസാമഗ്രികളുടെ വിലയുടെ 85 ശതമാനം സെല്ലേഴ്സ് എക്സ്പോർട്ട് ക്രെഡിറ്റും ലഭ്യമാക്കുന്നതായിരിക്കും.

(സി) ഉണ്ട്. 4-5-1998-ൽ ഒരു ധാരണാപത്രവും 3-10-1998-ൽ ഒരു പൊതുകരാറും ഒപ്പ് വച്ചിട്ടുണ്ട്. പൊതുകരാർ ഒപ്പു വച്ചിട്ടുള്ളത് എച്ച്.ഐ.സി.യും ബോർഡും തമ്മിലാണ്. വിശദമായ കരാർ താമസം കൂടാതെ ഒപ്പ് വയ്ക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ചൈനീസ് ഗവൺമെന്റ് സ്ഥാപനമായ എച്ച്.ഐ.സി./ഐ.എൻ. എസ്.എച്ച്.പി. യുമായിട്ടാണ് കേരള ഗവൺമെന്റും സംസ്ഥാന വൈദ്യുതി ബോർഡും ധാരണാ പത്രങ്ങളിൽ ഒപ്പു വച്ചിട്ടുള്ളത്.

(ഇ) ഇല്ല. ചെറുകിട ജലവൈദ്യുതി വികസനത്തിനായുള്ള ഇന്റർനാഷണൽ നെറ്റ് വർക്കിൽ അംഗമായ കേരള സർക്കാർ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററിന്റെ ഏകോപനശ്രമങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

(എഫ്) മൊത്തം 360.34 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. നാല് പൈലറ്റ് പ്രോജക്ടുകൾക്ക് ഏകദേശം 25.24 കോടി രൂപയും ശേഷിച്ച 14 പദ്ധതികൾക്ക് ഏകദേശം 335.10 കോടി രൂപയും ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ജി) ഒരു മെഗാവാട്ടിന് ഏകദേശം 3.44 കോടി രൂപയാണ് മുടക്കു മുതൽ കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) വൻകിട പദ്ധതികളുടെ നിർമ്മാണ സ്വഭാവം, ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ, പദ്ധതിക്കാവശ്യമായ മൂലധനത്തിന്റെ സ്വഭാവം തുടങ്ങി അനേകം ഘടകങ്ങളെ ആശ്രയിച്ചിരിക്കും. ഓരോ പദ്ധതിയിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്കുള്ള മുടക്കുമുതൽ വ്യത്യാസമായിരിക്കും.

ശ്രീ. എ. കെ. മണി : 4-5-1998-ൽ ഒരു ധാരണാപത്രവും 3-10-98-ൽ ഒരു പൊതുകരാറും ഒപ്പിട്ടു. അങ്ങനെ രണ്ട് കരാറുകൾ രണ്ട് സമയത്ത് ഒപ്പു വച്ചിട്ടുണ്ട്. 1998-ലാണ് ഈ കരാറുകൾ ഒപ്പു വച്ചത്. ഇപ്പോൾ രണ്ടു വർഷത്തിൽ കൂടുതലായി ഇതിനിടയ്ക്ക് ഏതെങ്കിലും ഒരു സ്കീം സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ടോ, എങ്കിൽ അതിനുവേണ്ടി എത്ര രൂപയാണ് മുതൽ മുടക്കിയതെന്നു വെളിപ്പെടുത്താമോ ?

ശ്രീ. എസ്. ശർമ്മ : ഫൈനൽ കരാർ ഒപ്പു വച്ചിട്ടില്ല. അതുകൊണ്ട് പദ്ധതിയും ആരംഭിച്ചിട്ടില്ല.

ശ്രീ. എ. കെ. മണി : ഇതുപോലുള്ള സ്കീമുകൾ തുടങ്ങാൻ വേണ്ടി ധാരാളം നീരുറവകൾ എന്റെ മണ്ഡലത്തിലുണ്ട്. മന്ത്രി ഇടയ്ക്ക് മൂന്നാർ സന്ദർശിച്ചിട്ടുമുണ്ട്. ഇത് നടപ്പിലാക്കുകയാണെങ്കിൽ എന്റെ മണ്ഡലത്തിലുള്ള സ്കീം തുടങ്ങാൻ ഗവൺമെന്റ് നടപടി എടുക്കുമോ ?

ശ്രീ. എസ്. ശർമ്മ : വൈദ്യുതോൽപ്പാദനത്തിനായി രൂപപ്പെടുത്താൻ സാദ്ധ്യതയുള്ള ജലസ്ത്രോതസുകൾ ചൂണ്ടികാണിച്ചാൽ അത് വളരെ പ്രയോജനകരമായിരിക്കും. അത് സ്റ്റേറ്റിന് പ്രയോജനപ്പെടുത്താൻ സന്നദ്ധവുമാണ്.

ശ്രീ. പാലോട് രവി : ചൈനീസ് ഗവൺമെന്റ് സ്ഥാപനമായ എച്ച്.ഐ.സി., ഐ.എൻ..എസ്.എച്ച്.പി. യുമായിട്ടാണ് കേരളാ ഗവൺമെന്റും സംസ്ഥാന വൈദ്യുതി ബോർഡും ധാരണാപത്രത്തിൽ ഒപ്പുവച്ചതെന്നാണ് അങ്ങ് തന്നിരിക്കുന്ന മറുപടി. ഇതിൽ പറഞ്ഞിരിക്കുന്ന ഐ.എൻ. എസ്.എച്ച്.പി. ഗവൺമെന്റ് സ്ഥാപനമാണോ അതോ സ്വകാര്യ സ്ഥാപനമാണോ ; ടെണ്ടർ ചെയ്യാതെ ഈ സ്ഥാപനത്തിന് വർക്കു കൊടുക്കാൻ ധാരണാപത്രത്തിൽ വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഇവിടെ ധാരണയുണ്ടാക്കിയിട്ടുള്ള സ്ഥാപനത്തെപ്പറ്റി പ്രധാന ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. എച്ച്.ഐ.സി., ഐ.എൻ. എസ്.എച്ച്.പി. എന്നീ സ്ഥാപനങ്ങൾ ചൈനീസ് ഗവൺമെന്റിന്റേതാണ്. യുനീഡോ, യു.എൻ.ഡി.പി. എന്നീ അന്താരാഷ്ട്ര സംഘടനകളും അറുപതിൽപ്പരം വികസിത വികസ്വര രാജ്യങ്ങളും ചേർന്നു ചൈന ആസ്ഥാനമാക്കി രൂപം നൽകിയിട്ടുള്ള ഹാങ്ചൊ ഇന്റർനാഷണൽ നെറ്റ് വർക്ക് ഹൈഡ്രോ പവർ, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അറുപത് ലോകരാജ്യങ്ങൾ കൂടിചേർന്നു കേന്ദ്രീകരിച്ചിട്ടുള്ള സർവ്വഗുണ പ്രസ്ഥാനങ്ങളുടെ കേന്ദ്രീകൃത സ്ഥാനവും ഇവിടെത്തന്നെയാണ്. ഇതിലും പ്രധാനപ്പെട്ട ചുമതല നിർവ്വഹിക്കപ്പെടുന്ന സ്ഥാപനമാണ് ഐ.എൻ. എസ്.എച്ച്.പി. ഇവിടെ നമുക്ക് നൽകുന്ന സാങ്കേതിക ഉപകരണങ്ങളുടെ ടെണ്ടർ ചൈന അവിടെ വിളിക്കുമ്പോൾ അതിന്റെ ഇവാലുവേഷൻ സ്റ്റേജിൽ കെ.എസ്.ഇ.ബി.യുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും എന്ന നിലയിലാണ് ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : അപ്പോൾ അങ്ങയുടെ മറുപടിയിൽ ടെണ്ടർ സ്റ്റേജിൽ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനു യാതൊരു പങ്കും ഇല്ലെന്നാണ്. പല പദ്ധതികളുടേയും കാര്യത്തിൽ വിവാദമുണ്ടായിരിക്കുന്ന സാഹചര്യത്തിൽ ആ ടെണ്ടർ സ്റ്റേജിൽ തന്നെ ഇലക്ട്രിസിറ്റി ബോർഡിനു വിധേയമായി ടെന്റർ ചെയ്ത് ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ചൈനീസ് ടെക്നോളജിയുടെ സാങ്കേതികവും സാമ്പത്തികവുമായ സഹായത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ഊർജ്ജോൽപ്പാദനത്തിന് പ്രയോജനപ്പെടുത്തുകയെന്നതാണ് അതുകൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ ഇവാലുവേഷൻ സ്റ്റേജിൽ കെ.എസ്.ഇ.ബി.യുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് മാത്രമായിരിക്കും ഇവാലുവേഷൻ നടത്തുകയെന്ന് പറയുന്നതിന്റെ ഭാഗമായി ബോർഡിന് ആ കാര്യത്തിൽ വിയോജിപ്പുണ്ടെങ്കിൽ രേഖപ്പെടുത്താനുള്ള അവസരവും നമുക്ക് സ്വീകാര്യമാണെങ്കിൽ അംഗീകരിക്കാനുള്ള സന്ദർഭവും അതുവഴി നൽകുകയാണ്.

ശ്രീ. കെ. സി. ജോസഫ് : നാല് പൈലറ്റ് പ്രോജക്ടുകൾക്കായി 25.24 കോടി രൂപ എന്നും 14 പദ്ധതികൾക്ക് 335.10 കോടി രൂപ എന്നും പറയുകണ്ടായി. നാല് പൈലറ്റ് പ്രോജക്ടുകളും 14 പദ്ധതികളും ഏതെല്ലാമാണെന്നും അത് തെരഞ്ഞെടുക്കാനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : നാല് പൈലറ്റ് പ്രോജക്ടുകൾ ചെമ്പുകടവ് സ്റ്റേജ് I 2.70 മെഗാവാട്ട്, ചെമ്പുകടവ് സ്റ്റേജ് II 3.75 മെഗാവാട്ട്, ഉറുമി സ്റ്റേജ് I 3.75 മെഗാവാട്ട്, ഉറുമി സ്റ്റേജ് II 2.40 മെഗാവാട്ട് എന്നീ പൈലറ്റ് പ്രോജക്ടുകളിൽ ഈ പറയുന്ന സ്ഥലങ്ങളിൽ 12.60 മെഗാവാട്ടിന്റേതാണ്. ആദ്യത്തേത് നാല് പൈലറ്റ് പ്രോജക്ടിന്റേതാണ്. അഞ്ചാമത്തേത് ആനക്കാംപൊയിൽ കോഴിക്കോട് ജില്ല, (6) കണ്ടപ്പഞ്ചാൽ കോഴിക്കോട് ജില്ല, (7) പത്താംകൽ കോഴിക്കോട് ജില്ല, (8) കക്കാടം പൊയിൽ-1, കോഴിക്കോട് ജില്ലയുടെ അതിർത്തിയിൽ (9) പൂവരംതോട്, കോഴിക്കോട് ജില്ല, (10) ഓലിക്കൽ കോഴിക്കോട് (11) പശുക്കടവ് (12) ചാത്തൻകോട്ട് നട (13) കക്കാടം പൊയിൽ - II (14) പുഴിത്തോട് കോഴിക്കോട് ജില്ല (15) വിളങ്ങാട് കോഴിക്കോട് (16) മണിയാർ, ടെയിൽ റേസ് പത്തനംതിട്ട (17) മർമ്മല കോട്ടയം (18) പെരുന്തേനരുവി, പത്തനംതിട്ട.

ശ്രീ. കെ. സി. ജോസഫ് : കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവലിനുമായി ഉണ്ടാക്കിയ കരാറനുസരിച്ച്, തലശ്ശേരിയിൽ ആരംഭിക്കുന്ന ക്യാൻസർ ഹോസ്പിറ്റൽ പോലെ ഈ ചൈനീസ് കമ്പനിയുമായി മറ്റെന്തെങ്കിലും സ്ഥാപനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വല്ലതുമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

ശ്രീ. എസ്. ശർമ്മ : ചൈനീസ് കമ്പനിയുമായി ഇപ്പോൾ നടന്നു വരുന്ന ചർച്ച എന്ന് പറയുന്നത് ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള, 1998-ൽ ഗവൺമെന്റും, ബോർഡും പൊതുകരാറിൽ ഏർപ്പെട്ട് മെമ്മോയിൽ ഒപ്പ് വച്ച് ഫൈനൽ കരാറിലേയ്ക്ക് പ്രവേശിക്കാൻ പോകുകയാണ്. അവരുടെ സാങ്കേതികവും,

സാമ്പത്തികവുമായ സഹായം കേരളത്തിലെ ഊർജ്ജ വികസനത്തിന് പരമാവധി പ്രയോജനപ്പെടുത്തുക എന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള ചർച്ച നടന്നുവരികയാണ്. മറ്റേതെങ്കിലും തരത്തിലുള്ള ചർച്ചയൊന്നും ഇതുവരെ നടന്നിട്ടില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : (ജി) യുടെ ഉത്തരമായി അങ്ങ് പറഞ്ഞിരിക്കുന്നത് ഒരു മെഗാവാട്ട് വൈദ്യുതിക്ക് ഏകദേശം 3.44 കോടി രൂപയാണ് ഇപ്പോൾ മുടക്കു മുതൽ കണക്കാക്കിയിട്ടുള്ളത് എന്നാണ്. ഈ വൈദ്യുതിയുടെ വിലയാണ് പ്രശ്നം. 3.44 കോടി രൂപ ഒരു മെഗാവാട്ടിന് മുടക്കു മുതൽ കണക്കാക്കുമെങ്കിൽ എത്ര രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി വിൽക്കാൻ കഴിയും എന്ന കണക്ക് ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ ; അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ; കൺസ്യൂമറിൽ എത്തുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിക്ക് എത്ര രൂപ വിലയാകും ?

ശ്രീ. എസ്. ശർമ്മ : കൺസ്യൂമറിൽ എത്തുമ്പോൾ കൃത്യം എത്രയാകുമെന്നുള്ളത് ഇപ്പോൾ കണക്കാക്കിയിട്ടില്ല. പക്ഷേ സാധാരണ നമ്മുടെ സംസ്ഥാനത്തുള്ള ജലവൈദ്യുതി പദ്ധതികളിൽ നിന്നുല്പാദിപ്പിക്കുന്ന വൈദ്യുതി ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് വിൽക്കുന്നത്. അപ്പോൾ പെർ മെഗാവാട്ടിനു 3.44 കോടി രൂപ കണക്കാക്കുമ്പോൾ ഏറ്റവും കുറഞ്ഞ വിലയിൽ സാധാരണ ജലവൈദ്യുത പദ്ധതികൾക്ക് സ്റ്റേറ്റിൽ തന്നെയുള്ള വിലയോ അതിൽ താഴെയോ ആയിരിക്കും എന്നുള്ള നിലയിലേക്കുള്ള ഒരു പ്രതീക്ഷയാണ് ഉള്ളത്. ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കൃത്യമായി വില കണക്കാക്കിയിട്ടില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : പലപ്പോഴും വിദേശ സഹായത്തോടെ പദ്ധതികൾ ആരംഭിക്കുമ്പോൾ ഇതിന്റെ കൺസൾട്ടന്റ് മാരായി അവർ നിർദ്ദേശിക്കുന്ന കമ്പനികളെ ഉൾപ്പെടുത്തണമെന്ന നിബന്ധന പലതിലും വരാറുണ്ട്. വാട്ടർ അതോറിറ്റിയുടെ ചില പദ്ധതികൾ നീണ്ടുപോയ കാര്യം അതാണെന്നാണ് മനസ്സിലാകുന്നത്. അതുപോലെ ഈ ചൈനീസ് കമ്പനിയുമായുള്ള കരാറിലും ഏതെങ്കിലും കൺസൾട്ടന്റ് മാരെ അവർ നിർദ്ദേശിക്കുന്ന രൂപത്തിൽ ഉൾപ്പെടുത്താനുള്ള നീക്കങ്ങൾ വല്ലതും ഉണ്ടോ? അതിന് നമ്മുടെ കരാറിൽ വല്ല വ്യവസ്ഥകളും ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : ഇതിനകത്ത് ഇടനിലക്കാരാരും ഇപ്പോൾ ഇല്ല.

ശ്രീ. കെ. ബാബു : ചൈനീസ് കമ്പനിയുമായിട്ടുള്ള കരാറിൽ ഒപ്പു വച്ചപ്പോൾ അവർ വച്ച കരാറ് ഇലക്ട്രിസിറ്റി ബോർഡ് അതേപടി അംഗീകരിക്കുകയായിരുന്നു. ഏതെങ്കിലും കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡ് ബോർഡിന്റേതായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : അവർ അവരുടേതായിട്ടുള്ള നിർദ്ദേശങ്ങളും നിഗമനങ്ങളും ഇങ്ങോട്ട് പറയുകയും നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചടത്തോളം പ്രയോജനകരമായ നിർദ്ദേശങ്ങൾ അങ്ങോട്ട് പറയുകയും ഒരു പൊതു ധാരണ എന്ന നിലയ്ക്ക് മെമ്മോയിൽ ഒപ്പ് വയ്ക്കുകയും ചെയ്തെങ്കിലും ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

അവരുമായിട്ട് ചില കാര്യങ്ങളിൽ ഏകീകരിച്ച ധാരണയിൽ എത്താനുണ്ട്. അവർ പറഞ്ഞിട്ടുള്ള ചില നിർദ്ദേശങ്ങൾ നമുക്ക് സ്വീകാര്യമല്ല, എന്ന് അവരേയും രേഖാമൂലം അറിയിച്ചിട്ടുണ്ട്. പദ്ധതി വരുക എന്ന് പറയുന്നതിന്റെ അർത്ഥം പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന് ഉറപ്പാക്കുമ്പോൾ അതിൽ ഇലക്ട്രിസിറ്റി ബോർഡിന്റേയും, കേരളത്തിലെ ജനങ്ങളുടെയും പൊതുവായ താൽപര്യം സംരക്ഷിക്കുക എന്നുള്ളത് കൊണ്ട് ചില കാര്യങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള ചർച്ചയ്ക്കായി അധികം താമസിയാതെ ബോർഡിന്റേയും, ഗവൺമെന്റിന്റേയും പ്രതിനിധികൾ, ചൈനീസ് പ്രതിനിധികളുമായി ചർച്ച നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു : ഇവർ തന്നിട്ടുള്ള വായ്പ തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ? അതിന്റെ പലിശ എത്ര ശതമാനമാണ് ? അതു പോലെ ഒരു കാര്യം കൂടി, ടെക്നോളജിയും, സാമ്പത്തിക സഹായവും നൽകുന്ന ഏജൻസികൾക്ക് ഗ്ലോബൽ ടെണ്ടർ ഇല്ലാതെ കരാറുകൾ കൊടുക്കുന്നത് ഗവൺമെന്റിന്റെ നയമാണോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : ടെക്നോളജിയും, സാമ്പത്തിക സഹായവും നൽകുക എന്നുള്ളത് സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് പ്രയോജനപ്പെടുത്താനുള്ള സാദ്ധ്യത നോക്കിക്കൊണ്ടാണ്. പൊതുവിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് അവരുടെ വായ്പ തിരിച്ചടക്കുന്നതിനാണ്. ഈ പൈലറ്റ് പ്രോജക്ടിനു വേണ്ടി എടുത്തിട്ടുള്ള ഇരുപത്തഞ്ചര കോടി രൂപ ഏഴര ശതമാനം പലിശ നിരക്കിൽ ഏഴ് വർഷം കൊണ്ട് തിരിച്ചടയ്ക്കണം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ചെറുകിട മേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമം ഗവൺമെന്റ് ആരംഭിച്ചിരിക്കുകയാണല്ലോ ? പാഴ് വസ്തുക്കളിൽ നിന്നും പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളിലൊക്കെ ശുചിത്വത്തിന്റെ ഒരു വെല്ലുവിളിതന്നെ ഉയർത്തുന്ന ഒരു പ്രത്യേക പശ്ചാത്തലത്തിൽ ഈ വേസ്റ്റ് ഉൾപ്പെടെ ഉപയോഗപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ചെറുകിട വൈദ്യുത ഉൽപ്പാദന പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അത്തരം പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ ?

ശ്രീ. എസ്. ശർമ്മ : പട്ടണപ്രദേശങ്ങളിലെ മാലിന്യങ്ങൾ സംസ്ക്കരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ടെക്നോളജി ഇതിനകം കണ്ടുപിടിച്ച് കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ ഇത്തരത്തിൽ 10 മെഗാ വാട്ട് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാൻ കഴിയത്തക്ക വിധത്തിലുള്ള സാധ്യത ഉണ്ടെന്ന് കാണുകയും അത് പൊതുവിൽ ഗവൺമെന്റ് അംഗീകരിക്കുകയും, അതിന് അടിസ്ഥാനമാക്കിയുള്ള നടപടി സ്വീകരിച്ച് വരികയുമാണ്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : ധാരണാപത്രവും പൊതുകരാറുമൊക്കെ ആയിട്ടുണ്ട്. ഇങ്ങനെ 18 പ്രോജക്ടുകൾ ഉണ്ട്. ഈ പ്രോജക്ടുകളുടെ നിർമ്മാണം ടെണ്ടർ വിളിച്ചിട്ടാണോ, അതോ ഇംപ്ലിമെന്റിംഗ് ഏജൻസിയെ ഏൽപ്പിച്ചിട്ടാണോ നടത്താൻ പോകുന്നത് എന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : പ്രോജക്ടുകളുടെ നിർമ്മാണം ടെണ്ടർ വിളിച്ചിട്ടാണ് നടത്തുന്നത്.

കെ.എസ്.ഇ.ബി. ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

2 (*482) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത്സൂപ്പി :
ശ്രീ. എം. കെ.മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് പൂർത്തിയാക്കാൻ എന്തു തുക ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള ഇൻഫർമേഷൻ ടെക്നോളജി പോളിസിക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായിട്ടാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്, അതിന്റെ മൊത്തം ചെലവ് ഇപ്പോൾ കണക്കാക്കാൻ കഴിയുകയില്ല.

ശ്രീ. സി. മൊയിൻകുട്ടി : ഇൻഫർമേഷൻ ടെക്നോളജി പോളിസിക്ക് ബോർഡ് അംഗീകാരം നൽകിയതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; മോഡേണൈസേഷന്റെ ഭാഗമായി ഉപഭോക്താവിനെ ഇതൊക്കെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി പഠിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഇവിടെ വിശദീകരിച്ചിട്ടുള്ള ഊർജ്ജ നയത്തിൽ വിവിധ കർമ്മ സമിതികൾ പഠനം നടത്തി, അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് സ്ഥാപനത്തിന്റെ സിസ്റ്റം ആധുനികവൽക്കരിക്കുന്നതിന് വേണ്ടിയുള്ള പ്രാധാന്യത്തെപ്പറ്റി അവരുടെ റിപ്പോർട്ടിൽ വ്യക്തമാക്കുകയുണ്ടായി. മറ്റു പല മേഖലകളിലും എന്നതുപോലെ കാര്യക്ഷമതയും പ്രാപ്തിയും ഈ മേഖലയിലും കൈവരിക്കാൻ കഴിയേണ്ടതായിട്ടുണ്ട്, എന്നതിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ് അവരുടെ നിർദ്ദേശം വന്നിരിക്കുന്നത്. ഇതിന് വേണ്ടി ഫിനാൻസ് മെമ്പർ ശ്രീ. മാത്യു ചെയർമാനായി രൂപീകരിച്ച കോർഗ്രൂപ്പ് ഏതെല്ലാം രൂപത്തിൽ ഇത് പ്രായോഗികമായി നടപ്പാക്കാൻ കഴിയും എന്ന് പരിശോധിച്ചുകൊണ്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ organisational set up അതുപോലെ I.T. standard, hardware and software inventry, office automation, quality assurance, I.T. training തുടങ്ങി വിവിധ തലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly